# അക്കാദമിക മാസ്റ്റർ പ്ലാൻ:

സ്കൂൾ : ജി.വി. ജെ.ബി. സ്കൂൾ.

ക്ലാസ് : I

അധ്യാപിക: സരിത. പി

വിഷയം : മലയാളം

അവസ്ഥാവിശകലനം :

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ _ കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ — കുട്ടികളും അംഗണവാടി, പ്രീപ്രൈമറി അനുഭവമുള്ളവർ തന്നെയാണ്. __ കുട്ടികൾ അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളാണ്. പ്രവേശന പ്രായം നോക്കിയാൽ എല്ലാവരും 5 വയസ്സിന് മുകളിൽ പ്രായമുണ്ട്.

മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ:

* എല്ലാ കുട്ടികളും എഴുത്തും വായനയും സ്വായത്തമാക്കി.
* എല്ലാകുട്ടികളും സംയുക്തഡയറി ദിവസവും എഴുതാറുണ്ട്.
* സംയുക്ത ഡയറി പ്രകാശനം.
* [illegible]

നേരിട്ട പ്രശ്നങ്ങൾ :

* പാഠ ഭാഗത്തിന്റെ ആധിക്യം നല്ല രീതിയിൽ ഉണ്ടായിരുന്നു.
* സമയക്കുറവ് വലിയൊരു പ്രശ്നമായിരുന്നു.

വാർഷിക ലക്ഷ്യങ്ങൾ [മലയാളം]

* ചെറുസദസ്സിനു മുമ്പാകെ തന്റെ ആശയങ്ങൾ, അനുഭവങ്ങൾ എന്നിവ അവതരിപ്പിക്കാനും കഥകൾ, പാട്ടുകൾ എന്നിവ തനിമയാർന്ന അവതരിപ്പിക്കാനും ചെറുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുമുള്ള കഴിവ് നേടുക.

* ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
* കുട്ടികളുടെ ഡയറി, രചനോത്സവ കഥകൾ, അഭിമാന രേഖയായി പ്രസിദ്ധീകരിക്കുക.

ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ:

* പൂർണ്ണപങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ നടത്തുക.
* കുട്ടികളെ സ്വതന്ത്ര ഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
* രക്ഷിതാക്കൾക്ക് ബാലസാഹിത്യകൃതികൾ നൽകി

കുട്ടികളെ വായിച്ച് കേൾപ്പിച്ച് വായനോത്സവം നടത്തുക.

* ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാനുള്ള വായനാക്കാർഡ് നിർമ്മാണം നടത്തുക.
* സംയുക്ത വിലയിരുത്തൽ നടത്തുക.

ജൂൺമാസ പ്രവർത്തനങ്ങൾ :

പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.

വായനോത്സവവും മെഗാവേളയും.

ഒന്നൊരുക്കം

വായനാക്കാർഡുകൾ.

സംയുക്ത വിലയിരുത്തൽ.

പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.

ഒന്നാം ക്ലാസിലെ രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണ കിട്ടിയ കുട്ടികളാണ് സംയുക്തഡയറി വായനോത്സവം, രചനോത്സവം എന്നിവ ഏറ്റെടുത്ത് നടത്തിയത്. ക്ലാസിലെ കുട്ടികൾക്ക് നിരന്തര പിന്തുണ നൽകേണ്ടതിന്റെ ആവശ്യകത രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

## പ്രഥമ ക്ലാസ് പി.ടി.എ.

ആദ്യ ക്ലാസ് പി.ടി.എ യോഗം പ്രാധാന്യത്തോടെ സംഘടിപ്പിക്കുന്നു.

അജണ്ട :

* ക്ലാസ് അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.
* ഒന്നൊരുക്കം സന്നദ്ധതാ പ്രവർത്തനങ്ങൾ.
* പാഠപുസ്തകവും കുഞ്ഞെഴുത്തും പരിചയപ്പെടുത്തൽ.
* വായനോത്സവം - രക്ഷിതാക്കളുടെ പങ്ക് ചർച്ച ചെയ്യുക.
* ക്ലാസ് പി.ടി.എ യിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.
* ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ് എന്തിന് : എന്തെല്ലാം പങ്കിടാം. ഭവന സന്ദർശനം.

വാട്സാപ്പ് ഗ്രൂപ്പ് :

ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ കുട്ടികൾ വീട്ടിൽ വന്ന് ഗ്രൂപ്പിലൂടെ പങ്കിടൽ, വായന എന്നിവ നടത്തുന്നു. മുഴുവൻ രക്ഷിതാക്കളുമായി ആശയ വിനിമയം നടത്താൻ ഓൺലൈൻ CPTA എല്ലാ ആഴ്ചയിലും നടത്തുക. ഓഫ് ലൈൻ CPTA എല്ലാ മാസവും നടത്തുക.

ക്ലാസ് പി.ടി.എ (പ്രതിമാസ റിപ്പോർട്ട്)

ഓരോ മാസത്തെയും നേട്ടങ്ങൾ, പരിഹരിക്കേണ്ട പ്രശ്നങ്ങൾ എന്നിവ അവതരിപ്പിക്കൽ.

## ആമുഖം :

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെയ്ക്കുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടിക്കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുന്നതാണ് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടത്തുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യതയൊരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ :

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും പ്രാപ്തിയുള്ളവരാക്കുക
* എല്ലാ കുട്ടികളെയും ബാലസാഹിത്യ കൃതികൾ വായിക്കാനും സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാനും പ്രാപ്തിയുള്ളവരാക്കുക.

രക്ഷിതാവിന്റേയും അധ്യാപികയുടേയും സഹായത്തോടെ വ്യവഹാര രൂപങ്ങൾ രൂപപ്പെടുത്താനും അവ നവമാധ്യമങ്ങളിൽ പങ്കിടാനും.

ലിപികൾ തിരിച്ചറിഞ്ഞ് ചെറുകഥകളും കവിതകളും എഴുതാനും.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹാ-
യത്തോടെ നിർമാണ ശില്പശാലയിൽ പങ്കെടുപ്പി-
ട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.

ജൂൺ മാസം പ്രവർത്തനങ്ങൾ:

* സചിത്രനോട്ടുബുക്ക്, സചിത്ര ആസൂത്രണം,
അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്ക-
* സചിത്ര ഡയറി, സംയുക്ത ഡയറി എന്നിവയെ
രക്ഷിതാവിനെ ബോധ്യപ്പെടുത്തുന്നു.
* ചിത്രക്കാർഡുകൾ, വായനാക്കാർഡുകൾ നിർ-
മാണ ശില്പശാല.
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

ജൂലൈ:

* സംയുക്ത ഡയറി സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
* വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്ന
* അക്ഷരപ്പാട്ട് നൽകി ആവർത്തിച്ച് വരുന്ന
അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വാചിക-
മായി പറയാനും അവസരം ഒരുക്കുന്നു.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത
ഡയറി എഴുതുന്നു.

## ആഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ, നിർമാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങ
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു
* സ്വയംകൃത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തക രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* വചനോത്സവത്തിൽ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കാൻ കൈത്താങ്ങ് നൽകുന്നു
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തോടെ ഭാവാത്മക വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ:

* സ്വയംകൃത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കാൻ അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സ്വയംകൃത ഡയറി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗത രചനയ്ക്ക് പ്രാപ്തരാക്കുന്നു
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ:

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## നവംബർ

* സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തുന്നു. സ്വതന്ത്രരചയിതാക്കൾ ആകുന്നു.
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* താളാത്മകമായി കവിതകൾ ചൊല്ലുന്നു.
* ചിത്രവായന നടത്തുന്നു.
* ചെറിയ ബാലസാഹിത്യകൃതികൾ, വായനക്കാർഡുകൾ വായിച്ച് കൂട്ടവായന നടത്തുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് വെച്ച് എഴുതുന്നു.

## ഡിസംബർ

* പഠനപ്രവർത്തനങ്ങൾ വ്യത്യസ്തവും നൂതനമാക്കി അവതരിപ്പിക്കുന്നു.
* ദൈനംദിന പ്രവർത്തനങ്ങൾ തെറ്റില്ലാതെ എഴുതുന്നു.
* ലഘുകഥകൾ, കവിതകൾ എന്നിവ എഴുതാൻ അവസരം നൽകുന്നു.
* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാനുള്ള ലഘുരചന, ശില്പശാല സംഘടിപ്പിക്കുന്നു.

* കുട്ടികൾ എഴുതിയ ലഘു കഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിലാക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

## ഫെബ്രുവരി

* ഭാഷോത്സവം, പഠനോത്സവം എന്നിവ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആശയ പൂർണതയോടെ തനിമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.

## മാർച്ച്

* ഓരോ കുട്ടിക്കും ഓരോ പതിപ്പ്
* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിലാക്കി പ്രകാശനം ചെയ്യുന്ന
* വീട്ടുവായന, അമ്മവായന, നാട്ടുവായന, കുട്ടിവായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതം

ആമുഖം :

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നിലായി പോകാതെ മുഖ്യ ധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത ~~പ്ര~~ ഗണിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ് പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ :

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന

വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

* സംഖ്യകളെ ആരോഹണം, അവരോഹണം ക്രമത്തിലാക്കുന്നു.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം.
* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം.
* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
* സംഖ്യാ കാർഡ് നിർമിക്കൽ.

ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്തംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് .
* സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ , ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ് .
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.
* ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പിടിഎ യിൽ പ്രദർശിപ്പിക്കുന്നു.
* വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# ജി.വി.ജെ.ബി സ്കൂൾ

# വടകര

## അക്കാദമിക മാസ്റ്റർപ്ലാൻ

**Std 2**

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| | |
|---|---|
| സകൂൾ | : ജി.വി.ജെ.ബി സ്കൂൾ, വടകര |
| ക്ലാസ് | : രണ്ടാം തരം |
| ക്ലാസ് ടീച്ചർ | : ശ്രീജേഷ് പി |
| ഉപജില്ല | : വടകര |
| ജില്ല | : കോഴിക്കോട് |

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യം നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## ഉള്ളടക്കം

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 6. | നാട്ടുവിശേഷം, കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ |
| 8. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 9. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 12. | ഗണിക കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 13. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് |
| 14. | ലഘു പ്രോജക്റ്റ് | ഓരോ മാസവും ഓരോന്ന് |
| 15. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 16. | രക്ഷിതാക്കൾക്ക് ശില്പശാല | ജൂൺ |
| 17. | വിജയസ്പർശം | ജൂൺ മുതൽ മാർച്ച് വരെ |
| 18. | പലഹാരമേള | ഡിസംബർ |

## മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തിനേടുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- എസ് ആർ ജി അവലോകനം - മെയ് അവസാനം
- സി പി ടി എ അവലോകനം - ജൂൺ ആദ്യവാരം
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു - ജൂലൈ മുതൽ
- വായനോത്സവം ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം തയ്യാറാക്കുന്നു.
- പുസ്തക പ്രകാശനം - ജനുവരി

**ചുമതലകൾ :** ക്ലാസ് ടീച്ചർ, രക്ഷിതാവ്
**സാമ്പത്തികം:** പി.ടി.എ

## സംയുക്ത ഡയറി

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന നടത്തുന്നതിന്
- ഭാഷാശേഷി വികസിപ്പിക്കുന്നതിന്

### പ്രവർത്തന ഘട്ടങ്ങൾ

- എസ് ആർ ജി യിൽ മികച്ച ഡയറിയുടെ അവതരണം - ജൂൺ ആദ്യവാരം
- സി പി ടി എ യിൽ ഡയറി പരിചയപ്പെടുത്തൽ, രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു - ജൂലൈ
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു - അതാത് മാസം
- കൗതുകമുള്ള ഡയറി കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു - ജൂൺ മുതൽ മാർച്ച് വരെ.
- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു - ജനുവരി
- സംയുക്ത ഡയറി പ്രകാശനം - മാർച്ച്

ചുമതല : ക്ലാസ് ടീച്ചർ, രക്ഷിതാവ്

## പാട്ടരങ്ങ്

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും, മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുന്നു.
- ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന ക്രമം എന്നിവ എസ് ആർ ജി യിൽ ചർച്ച ചെയ്യുന്നു - ജൂൺ ആദ്യവാരം

- പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു - ആഗസ്റ്റ്
- കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ - സപ്തംബർ മുതൽ എല്ലാ മാസവും.

ചുമതല : ക്ലാസ് ടീച്ചർ, രക്ഷിതാവ്

## റീഡേഴ്സ് തിയേറ്റർ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന, തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- എസ് ആർ ജി യിൽ ആശയം പങ്കിടൽ - ജൂൺ മാസം
- സി പി ടി എ യിൽ ആശയം പങ്കിടൽ, പിന്തുണ ഉറപ്പാക്കൽ -ജൂലൈ മുതൽ
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു - ജൂലൈ മുതൽ മാർച്ച് വരെ.
- മികച്ചത് ബാലസഭയിൽ അവതരണം - എല്ലാ മാസവും
- ഭാഷോത്സവത്തിൽ മികച്ചത് അവതരണം - ഫെബ്രുവരി

ചുമതല: ക്ലാസ് ടീച്ചർ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പാഠ പുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- എസ് ആർ ജി യിൽ അവതരണം
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു -ജൂൺ.
- പി ടി എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു - ജൂലൈ
- പാഠഭാഗത്തിന് അനുയോജ്യമായ പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു - ജൂലൈ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, സി പി ടി എ

## ക്ലാസ് പത്രം

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്ഥവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- ക്ലാസ് പത്രം, ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജി യിൽ അവതരിപ്പിക്കുന്നു - ജൂലൈ
- സി പി ടി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു.
- കണ്ടെത്തലുകളുടെ അവതരണം - ജൂലൈ മുതൽ മാർച്ച് വരെ
- കൂട്ടെഴുത്ത് നടക്കുന്നു - ജൂലൈ മുതൽ മാർച്ച് വരെ
- പതിപ്പ് തയ്യാറാക്കൽ പതിപ്പുകളുടെ പ്രദർശനം, രചനോത്സവത്തിൽ മികച്ചവ ഭാഷോത്സവത്തിൽ അവതരിപ്പിക്കുന്നു - ഫെബ്രുവരി

ചുമതല: ക്ലാസ് ടീച്ചർ

## <u>രചനോത്സവം</u>

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- എസ് ആർ ജി യിൽ അംഗീകാരം വാങ്ങുന്നു.
- സി പി ടി എ യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രതിമാസ രചനോത്സവം ജൂലൈ മതൽ ഫെബ്രുവരി വരെ.
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ - സപ്തംബർ- ഡിസംബർ- മാർച്ച്.
- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ - മാർച്ച്

ചുമതല: ക്ലാസ് ടീച്ചർ, സി പി ടി എ

## വായനോത്സവം

- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
- കുട്ടികളിൽ വായനാശീലം വളർത്തുന്നു.
- ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- വായനാകുറിപ്പ് തയ്യാറാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- എസ് ആർ ജി യിൽ അംഗീകാരം വാങ്ങുന്നു - ജൂൺ
- സി പി ടി എ യിൽ ചർച്ച ചെയ്യുന്നു
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു - ജൂലൈ
- ഓരോ മാസവും വായനോത്സവം നടത്തുന്നു.
- അമ്മ വായന, മാതൃകാവായന (അധ്യാപകർ) - ജൂലൈ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാവ്

## ഭാഷോത്സവം

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്രരചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗ ശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.
- ആശയങ്ങളെ, അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- ഭാഷോത്സവം എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പി ടി എ യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാസാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജന പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല: ക്ലാസ് ടീച്ചർ, പി ടി എ

## ഗണിത കേളികൾ

- കുട്ടികൾക്ക ഗണിത കളികളിൽ താൽപര്യമുണ്ടാക്കുന്നു.
- ഗണിത പഠനത്തിൽ താൽപര്യമുണ്ടാക്കുന്നു.
- യുക്തിബോധം വളർത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- വ്യത്യസ്തമായ പഠന ലക്ഷ്യങ്ങൾക്ക് അനുയോജ്യമായ ഗണിത കളിളിൽ ഏർപ്പെടുന്നു.
- കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
- ഡോമിനോ കളികൾ (വ്യവകലനം)
- പന്തുകളി (ഗുണനം) ജൂൺ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, എസ് ആർ ജി

## ഗണിത കിറ്റ്

- ഇ എൽ പി എസ് മുഖേന ഗണിതശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്.
- ഗണിതം ആസ്വാദ്യകരമാക്കുന്നതിന്.

**പ്രവർത്തന ഘട്ടങ്ങൾ**

- പത്തിന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കൈയ്യിലെയും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു -ജൂൺ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, എസ് ആർ ജി

## പരീക്ഷണങ്ങൾ

- ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.
- അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
- വ്യത്യസ്ത ഉപകരണങ്ങൾ, സൂക്ഷ്മത, കൃത്യത പാലിച്ചുകൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- യുക്തിചിന്ത വളർത്തുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും, പുതിയത് രൂപകൽപന ചെയ്യുകയും ചെയ്യുന്നു. - ജൂൺ മുതൽ ഫെബ്രുവരിവരെ

ചുമതല: ക്ലാസ് ടീച്ചർ, സി പി ടി എ

## ലഘു പ്രൊജക്ട്

- കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക.

**പ്രവർത്തന ഘട്ടങ്ങൾ**

- കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗ്ഗീകരണം, അപഗ്രഥനം, എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു.
- നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു. ജൂൺ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, പി ടി എ, എസ് ആർ ജി

## പരീക്ഷണ കിറ്റ്

- എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്.
- വ്യത്യസ്ഥമായ ഉപരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തന ഘട്ടങ്ങൾ**

- എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.
- പാഠഭാഗത്തിൽ വരുന്ന വ്യത്യസ്ത പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു - ജൂൺ മുതൽ മാർച്ച് വരെ

ചുമതല: ക്ലാസ് ടീച്ചർ, പി ടി എ, എസ് ആർ ജി

## രക്ഷിതാക്കൾക്ക് ശില്പശാല

- പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.
- പാഠഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

**പ്രവർത്തന ഘട്ടങ്ങൾ**

- പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സമ്യുക്ത ഡയറി, ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു. ജൂലൈ മുതൽ ജനുവരി വരെ

ചുമതല: ക്ലാസ് ടീച്ചർ, എസ് ആർ ജി, എച്ച് എം

## വിജയ സ്പർശം

- എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

### പ്രവർത്തന ഘട്ടങ്ങൾ

- സ്കൂൾ സമയത്തിനു പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക.
- വർക്ക് ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.
- കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു. ജൂൺ മുതൽ ഫെബ്രുവരി വരെ

ചുമതല: ക്ലാസ് ടീച്ചർ, എസ് ആർ ജി

## പലഹാരമേള

- പലതരം പലഹാരങ്ങൾ മനസിലാക്കുന്നതിന്.
- അവ ഉണ്ടാക്കുന്ന വിധം മനസിലാക്കുന്നതിന്
- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്

### പ്രവർത്തന ഘട്ടങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് പലഹാരമേള സംഘടിപ്പിക്കുന്നു.

ചുമതല: ക്ലാസ് ടീച്ചർ, സി പി ടി എ

## ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- .വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

## ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ: ആന

വലിയ ആന

കറുത്ത വലിയ ആന

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (്രകവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന, കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങ ൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നട ത്തുന്നു.

## പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## ജൂൺ

- 1, 2, 3, 4 ......
  1,3,5,7....
  10,20,30,40,....
  5,10,15,20....
  2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മു ന്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

## ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരി ക്കൽ
  (5+5 = 10, 10+10= 20)

## ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
  99 നോട് 1 കൂട്ടിയാൽ 100
  10 പത്തുകൾ ചേർന്നാൽ 100 ആകും
  100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താ നുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

## മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

### Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

### Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

### Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

### Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description, notice proclamation, diary letter Announcement, magazines

ജി. വി. എച്ച്. എസ്. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

3-ാംതരം

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ
രക്ഷിതാവും ആഗ്രഹിക്കുന്നത്. അവ
രുടെ ശാരീരികവും മാനസികവും വൈ
ജ്ഞാനികവുമായ നേട്ടങ്ങൾ കൈവരി
ക്കുന്നതിന് ആവശ്യമായ ഇടപെടലു
കളാണ് നാം ലക്ഷ്യമിടുന്നത്.

വിവിധ നിലവാരത്തിലുള്ള
കുട്ടികളാണ് ഓരോ ക്ലാസിലും കടന്നു
വരുന്നത്. വിവിധ ചിന്തകളും വിഷയ
ങ്ങൾ സ്വായത്തമാക്കാൻ വ്യത്യസ്ത
കഴിവുകളും ഉള്ളവരെ ഒരേ കുടക്കു
കീഴിൽ അണിനിരത്താൻ വ്യത്യസ്ത
പദ്ധതികൾ ആസൂത്രണം ചെയ്യേണ്ട
തായുണ്ട്. ജൂൺ മുതൽ മാർച്ച് വരെ
നടപ്പിലാക്കാവുന്നതും വിവിധ സാധ്യത
കളുള്ളതുമായ പ്രവർത്തനപദ്ധതികളാ
ണ് ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം:1 ക്ലാസിലെ മുഴുവൻ കുട്ടികളെയും
തെറ്റില്ലാതെ വായിക്കാനും എഴുതാനും
പഠിപ്പിക്കൽ (ഭാഷാ പരമായ
പിന്നോക്കാവസ്ഥ പരിഹരിക്കൽ)

ജൂൺ : പ്രിടെസ്റ്റ്
അവലോകനം
വിവിധ നിലവാരക്കാരെ
കണ്ടെത്തുന്നു.
CPTA.

ജൂലായ് : വീഡിയോ കാണിക്കുന്നു
കഥ പറയുന്നു
എഴുതുന്നു
മറ്റുപാഠങ്ങൾ കണ്ടെത്തുന്നു.

ഓഗസ്റ്റ് : Digital കഥ കേൾക്കുന്നു
ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയുന്നു
വാക്യനിർമ്മാണം

സെപ്തംബർ : കഥാവതരണം
ചോദ്യനിർമ്മാണം

ഒക്ടോബർ : വളരുന്ന വാക്യങ്ങൾ
ചിത്രം നോക്കി പേര് എഴുതൽ

നവംബർ : ചിഹ്നങ്ങൾ ഉറപ്പിക്കൽ
അക്ഷരമണിയിക്കാം
പ്രവർത്തനം.

ഡിസംബർ : വായനാകാർഡ് വായന

ജനുവരി : കഥനൽകി കഥാപാത്രത്തെ
കണ്ടെത്തുന്നു. കഥ നിർമ്മിക്കുന്നു

ഫെബ്രുവരി : കഥാപതിപ്പ്

മാർച്ച് : മികവ് പ്രകടനം.

മലയാളം

| | ലക്ഷ്യം. | പ്രവർത്തനങ്ങൾ വിന്യാസം. | അവലോകനം |
|---|---|---|---|
| ജൂൺ | പാഠവുമായി ബന്ധപ്പെട്ട കഥ കവിത, കടങ്കഥ വിവരണം എന്നിവകൾ ക്കാൻ സ്വയം നിർമിക്കാനും അവസരം | TB, HB എന്നിവയിലെയും ലൈബ്രറിയിലെയും പുസ്തകങ്ങൾ വായിക്കാനവസര ICT ഉപയോഗിച്ച് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നു. | |
| ജൂലൈ | അക്ഷരങ്ങളെ തിരിച്ചറിഞ്ഞ് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | വായനാക്കാർഡ്, കഥ നോട്ട് ബുക്കിൽ എഴുതൽ | |
| | രചനകൾ വിലയിരുത്തുന്ന കുറിപ്പുകൾക്കും വായിച്ചും വിശകലനം ചെയ്തും രചനാ ചിഹ്നങ്ങളെക്കുറിച്ച് തയ്യാറാക്കൽ | രചനാ വായിക്കൽ കഥാവായന, കഥകൾ കേൾക്കൽ സ്വയം എഴുതാനുള്ള അവസരം ഒരുക്കൽ | |

# Master Plan. English 3rd std

Aim : To speak, read and write English without any mistake.

| | |
|---|---|
| June to March | To check the vocabalary and writing skills of Pupils. |
| | Activities |
| June | Pre- test.<br>Listening skills<br>- Games, Action songs<br>- Hello English Activities<br>- conversations<br>- Skit stories and ICT<br>Speaking skills<br>- identify the naming words from the picture<br>- Identify the action words from the same picture<br>- Make simple sentences using action word about the picture. |

# ജി. വി. ജെ. ബി. എസ്

വടകര

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

ക്ലാസ്: മൂന്ന് വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>• നട്ട വൃക്ഷതൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

ലക്ഷ്യം : 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

## ജി. വി. ജെ. ബി. സ്കൂൾ. വടകര.

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം

**ആമുഖം:** ഒന്ന് രണ്ട് ക്ലാസ്സിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും അറിവോടും ശേഷികൾ കൈവരിച്ചവരാണ് മൂന്നാം ക്ലാസ്സിലെത്തിയവർ. അവരിൽ അന്തർലീനമായിരിക്കുന്ന വ്യത്യസ്ത പ്രവർത്തനങ്ങൾക്കുതന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. ഗണിതവിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതിയാണ് രൂപീകരിക്കേണ്ടത്. കുട്ടികളിൽ ഗണിതാഭിമുഖ്യമുള്ള വിശ്വാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്.

**ലക്ഷ്യം : 1** മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| | |
|---|---|
| ജൂൺ | കൂട്ടങ്ങളാക്കാം.<br>x ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതാം.<br>x കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കുന്നു.<br>x സംഖ്യകൾ വായിക്കുന്നു.<br>x ആരോഹണാവരോഹണ ക്രമത്തിൽ എഴുതുന്നു. |

| | |
|---|---|
| ലക്ഷ്യങ്ങൾ: ജൂലായ് | സംഖ്യാപൂരൽ<br>× ഓരോരുത്തരും മൂന്നക്ക സംഖ്യ തെരഞ്ഞെടുക്കുന്നു<br>× എഴുതിയ സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റി എഴുതുന്നു |
| ആഗസ്റ്റ്/ സെപ്തംബർ | ക്രമീകരിക്കാം<br>× അബാക്കസ് നിർമ്മിക്കുന്നു.<br>× സംഖ്യകൾ അബാക്കസിൽ ക്രമീകരിക്കുന്നു<br>× അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിക്കുന്നു |
| ഒക്ടോബർ | കളികൾ<br>ഗണിതവിജയം ഉത്പന്നങ്ങൾ |
| നവംബർ ഡിസംബർ | വർക്ക്ഷീറ്റ്<br>× വിവിധതരം വർക്ക്ഷീറ്റുകൾ നൽകുന്നു.<br>× കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തുന്നു. |
| ജനുവരി ഫെബ്രുവരി | × മൂന്നും നാലും അക്കസംഖ്യകൾ ഉത്തരമാവുന്ന പ്രായോഗിക പ്രശ്നങ്ങൾ |
| മാർച്ച് | × മികവുകൾ പരിചയപ്പെടുത്തുന്നു. |

ലക്ഷ്യം : 2 മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| | |
|---|---|
| ജൂൺ | കളികൾ<br>വിവിധതരം ഗണിതകളികൾ പരിചയപ്പെടുന്നു. |
| ജൂലായ് | ഭാഗ്യവാനെ കണ്ടെത്തുന്നു.<br>× ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>× വിവിധക്രിയകൾ അടങ്ങിയ നമ്പറുകൾ കുട്ടികൾ തെരഞ്ഞെടുക്കുന്നു.<br>× ക്രിയ ചെയ്യുന്നു.<br>× ആരുടേതാണ് ശരിയുത്തരം എന്ന് കണ്ടെത്തുന്നു. |
| ആഗസ്റ്റ്/ സപ്തംബർ | × സംഖ്യാചക്രം കറക്കികിട്ടുന്ന 2 സംഖ്യകളുടെ സങ്കലനം, വ്യവകലനം എന്നിവ ചെയ്യുന്നു. |
| ഒക്ടോബർ നവംബർ | × കളിനോട്ടുകൾ ഉപയോഗിച്ച് രണ്ടക്ക മൂന്നക്കസംഖ്യകളുടെ സങ്കലനം ഉറപ്പിക്കുന്നു. (പുനഃക്രമം വരുന്നവയും അല്ലാത്തതും) |
| ഡിസംബർ ജനുവരി | സംഖ്യാചക്രം, കച്ചവടക്കണക്ക് ചക്രമുപയോഗിച്ച് രണ്ട് സംഖ്യകളുടെ ഗുണനം ഉറപ്പാക്കുന്നു. |
| മാർച്ച് | മികവുകൾ പരിചയപ്പെടുന്നു. |

| | |
|---|---|
| ലക്ഷ്യം 3 | 1 മുതൽ 1000 വരെ സംഖ്യകൾ എഴുതാനുള്ള ശേഷി ഉറപ്പിക്കുന്നു. |
| ജൂൺ | × സംഖ്യകൾ എഴുതിയ strip നൽകുന്നു<br>× കിട്ടിയ സംഖ്യ വായിക്കുന്നു.<br>× മറ്റുള്ളവർ എഴുതുന്നു. |
| ജൂലായ് | 10 ചങ്ങാതിമാർ<br>× സംഖ്യാകാർഡ് എടുക്കുന്നു<br>× കിട്ടിയ സംഖ്യയിൽ തുടർന്നുവരുന്ന 10 സംഖ്യകൾ അക്ഷരത്തിലും അക്കത്തിലും എഴുതുന്നു. |
| ആഗസ്റ്റ്/ സെപ്തംബർ | പാറ്റേൺ പൂർത്തിയാക്കുന്നു.<br>× വിവിധതരം പാറ്റേണുകൾ പൂർത്തിയാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുന്നു. |
| ഒക്ടോബർ/ നവംബർ | ക്രമത്തിലാക്കാം.<br>വലിയ സംഖ്യകൾ ആരോഹണാവരോഹണക്രമത്തിൽ എഴുതുന്നു. |
| ഡിസംബർ | വർക്ക് ഷീറ്റുകൾ. |

| | |
|---|---|
| ലക്ഷ്യം 4 | മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാര ശേഷിയുള്ളവരാക്കി മാറ്റുക. |
| ജൂൺ | നിത്യാനുഭവങ്ങളെ ഗണിതപ്രശ്നങ്ങളാക്കി മാറ്റി അവയ്ക്ക് ഉത്തരം കണ്ടെത്തുന്നു. |
| ജൂലായ് ആഗസ്റ്റ് | മൂന്നക്കസംഖ്യകൾ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നു. പരിഹരിക്കുന്നു. |
| സെപ്തംബർ ഒക്ടോബർ | വിവിധതരം വർക്ക്ഷീറ്റുകൾ |
| നവംബർ ഡിസംബർ | ഉത്തരത്തിൽ നിന്നും ചോദ്യങ്ങൾ കണ്ടെത്തുന്നു. |
| ജനുവരി | കച്ചവടകണക്ക് ക്ലാസിൽ കട സജ്ജീകരിക്കുന്നു. കളിനോട്ടുകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ വീണ്ടും ചെയ്യുന്നു. |
| ഫിബ്രവരി | ക്ലോക്ക്, അളവുപാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം |
| മാർച്ച് | മികവുകൾ പരിചയപ്പെടുത്തുന്നു. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025–26

## ജി വി ജെ ബി സ്കൂൾ വടകര

## ക്ലാസ്സ് 4

**ലക്ഷ്യം**

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദകരവുമായ പഠനം ഉറപ്പാക്കുക.ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു ലക്ഷ്യങ്ങൾ**

കളികളിലൂടേയും പ്രവർത്തനങ്ങളിലൂടേയുമുള്ള പഠനം
സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രധാന്യം
സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
കുടുംബത്തിന്റേയും സമൂഹത്തിന്റേയും പങ്കാളിത്തം ഉറപ്പാക്കുക

**പ്രവർത്തനങ്ങൾ**

| | |
|---|---|
| Picture Description | June |
| Dictionary | July |
| Conversation | July |
| Add more lines | July |
| Riddles | August |

**മലയാളം**

| | |
|---|---|
| വായിക്കാം,എഴുതാം വായിക്കാം | ജൂൺ |
| വായിക്കാം എഴുതാം വായിക്കാം | ജൂൺ |
| തുടർ പ്രവർത്തനം | ജൂലായ് |
| ആശയം പറയാം | ആഗസ്ത് |
| ആശയം പറയാം തുടർ പ്രവർത്തനം | സെപ്തംബർ |
| വായിക്കാം കൂട്ടുകാരെ | ആഗസ്ത് |
| വായിക്കാം കൂട്ടുകാരെ | ആഗസ്ത് |
| തുടർപ്രവർത്തനം | സെപ്തംബർ |
| വായിക്കാം അഭിപ്രായം പറയാം | ജൂലായ് |
| ക്ലാസ് റൂം ലൈബ്രറി | ജൂൺ |
| കഥ കാണാം,എഴുതാം | ആഗസ്ത് |
| കഥ കാണാം എഴുതാം തുടർ പ്രവർത്തനം | സെപ്തംബർ |
| എന്തെല്ലാം കാഴ്ച്ചകൾ | ഒക്ടോബർ |

**പരിസരപഠനം**

| | |
|---|---|
| പ്രകൃതി നടത്തം | ജൂൺ |
| ഒരു തൈ നടാം | ജൂലായ് |
| പോസ്റ്റർ നിർമ്മാണം | ജൂലായ് |
| ദിന കൃത്യങ്ങൾ | ജൂൺ |
| നമ്പർ വൺ | ജൂലായ് |
| പരിസര നടത്തം | ആഗസ്ത് |

**ഗണിതം**

| | |
|---|---|
| നറുക്കെടുക്കാം | ജൂൺ |
| 10 ചങ്ങാതിമാർ | ജൂലായ് |
| പാറ്റേൺ പൂർത്തിയാക്കാം | ആഗസ്ത് |
| ക്രമത്തിലാക്കാം | ജൂലായ് |
| കൂട്ടങ്ങളാക്കാം | ആഗസ്ത് |
| സംഖ്യാസൂര്യൻ | ജൂലായ് |
| ക്രമീകരിക്കാം | സെപ്തംബർ |
| സമയ ചക്രം | ഒക്ടോബർ |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്പുടതയോടേയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും ഉള്ള വായന | വായിക്കാം,എഴുതാം<br>വായിക്കാം | കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെ യുള്ള ഉച്ചത്തിൽ വായന.<br>നിശബ്ദ വായന.<br>വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ,<br>നിശബ്ദ്ദ വായന.<br>ഉച്ചത്തിൽ വായന<br>വായനാ കാർഡ് നൽകുന്നു | ജൂൺ |
| | വായിക്കാം, എഴുതാം,<br>വായിക്കാം<br>തുടർ പ്രവർത്തനം | കുട്ടിക്ക് ഒരു വായനകാർഡ് നൽകുന്നു<br>വായനാ കാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ .<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൽപ്പിക്കുന്നു.<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/ വീഡിയോ അയച്ചു തരുന്നു | ജൂലൈ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | ആശയം പറയാം | കുട്ടിക്ക് കഥ പുസ്തകം/ വായനാ കാർഡ് നൽകുന്നു.<br>നിശബ്ദ വായന.<br>വായിച്ചറിഞ്ഞ ആശയം പറയൽ<br>ആവശ്യമെങ്കിൽ ആവർത്തന വായന<br>കൂട്ടുക്കാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | ആഗസ്റ്റ് |
| | ആശയം പറയാം തുടർ പ്രവർത്തനം | കുട്ടിക്ക് ഒരു വായനകാർഡ് നൽകുന്നു<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു<br>വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | സെപ്തംബർ |
| | വായിക്കാം കൂട്ടുകാരെ | കുട്ടിക്ക് വായനാകാർഡ് നൽകുന്നു<br>നിശബ്ദവായന കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന | ആഗസ്റ്റ്<br>സെപ്തംബർ |
| | വായിക്കാം കൂട്ടുകാരെ തുടർ പ്രവർത്തനം | കൂട്ടിക്ക് ഒറു വായനകാർഡ് നൽകുന്നു<br>കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>കുട്ടിവായിക്കുന്നതിന്റെ ഓഡിയോ/ വിഡിയോ അയച്ച് തരുന്നു | ആഗസ്റ്റ് |
| | വായിക്കാം അഭിപ്രായം പറയാം | കുട്ടികൾക്ക് കഥ കാർഡ് നൽകുന്നു | ആഗസ്റ്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | | വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു | |
| | ക്ലാസ് റൂം ലൈബ്രറി | ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു<br>ലൈബ്രറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>പുസ്തക വിതരണം വായന, വായനനുഭവം പങ്ക് വെയ്ക്കൽ | ജൂൺ |
| കവിത,കഥ എന്നിവ കേട്ടും സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു | കഥ കാണാം,എഴുതാം | കുട്ടിക്ക് ഐ സി ടി ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>കഥ സ്വയം എഴുതൽ അധ്യാപികയുടെ ഇടപെടൽ<br>മെച്ചപ്പെടുത്തി എഴുതൽ | ആഗസ്ത് |
| | കഥ കാണാം,എഴുതാം തുടർ പ്രവർത്തനം | രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു<br>കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/ വീഡിയോ അയച്ചു തരുന്നു. | സെപ്തംബർ |
| | എന്തെല്ലാം കാഴ്ച്ചകൾ | കുട്ടിക്ക് രക്ഷിതാവിന്റെ സാഹയത്തോടോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പെഴുതാൻ അവസരം<br>എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/ വിഡിയോ അയക്കുന്നു | ഒക്ടോബർ |

## ENGLISH

| LEARNIG OUT COMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| Describes the pictures | Picture Description | The teacher shows a picture.<br>Discussion.<br>The children talk about the picture.<br>Slow learners.<br>Gives opportunity to express their idea in Malayalam. | June |
| Arranges word in alphabetical order | Dictionary. | Introducing the dictionary.<br>Gives words.<br>Arranging words in alphabetical orde | July |
| Adds more exchanges to the Conversation suitable to the context" | Conversation | Reading the conversation.<br>Conversation is acting with friends.<br>Adds more exchanges to the Conversation.<br>Slow learners.<br>Gives opportunity to express their idea in Malayalam | July |
| Adds lines to a poem following a set pattern | Add more lines. | Plays the audio of song.<br>Let the learner sing after the audio.<br>Adds lines to the poem | July |
| Makes simple riddles | Riddles. | Gives children the opportunity to hear and answer simple riddles.<br>Makes simple riddles slow learners.<br>Gives opportunity to express their idea in malayalam. | August |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ<br>ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം<br>അനുഭവിച്ചറിയാം, സ്വയം തിരുത്താം.<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില<br>ഇടപെടലുകൾ മനസ്സിലാക്കാം.<br>തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ |
| | ഒരു തൈനടാം | പരിസ്ഥിതി<br>ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ<br>നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| വ്യക്തി ശുചിത്വവും പരിസര ശുചിത്വും | പോസ്റ്റർ നിർമാണം | പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ | ജൂലായ് |
| | ദിനകൃത്യങ്ങൽ | ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>കുട്ടികൾക്ക് ഓരോ ദിവസത്തെയും പരിശോധന ചുമതല നല്കുന്നു. | ജൂൺ |
| | നവംബർ വൺ | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നല്കുന്നു. | ജൂലൈ |
| | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം. | ആഗസ്റ്റ് |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ...ംഖ്യാബോധം<br>...-1000 സംഖ്യകൾ<br>...ണ്ണുന്നു, എഴുതു<br>...ന്നു) | നറുക്കെടുക്കാം | പ്രവർത്തന വിശദീകരണം<br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു കിട്ടിയ സംഖ്യ വായിക്കാം മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ജൂൺ |
| | 10 ചങ്ങാതിമാർ | സംഖ്യ നറുക്ക് എടുക്കുന്നു.<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂലായ് |
| ...മൂന്നക്ക/നാലക്ക്<br>സംഖ്യകളെ<br>വ്യാഖ്യാനിക്കൽ | പാറ്റേൺ പൂർത്തിയാക്കാം | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ആഗസ്റ്റ് |
| | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നല്കുന്നു.<br>ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | ജൂലായ് |
| | കൂട്ടങ്ങളാക്കാം | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | ആഗസ്റ്റ് |
| | സംഖ്യാസൂര്യൻ | ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ | ജൂലൈ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പ്രയോഗിക പ്രശ്ന ങ്ങൾ പരിഹരിക്കൽ | | ബോർഡിൽ എഴുതാം<br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു | ജൂലൈ |
| | ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം | സെപ്റ്റംബർ |
| | സമയ ചക്രം | ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയ ചക്രം തയ്യാറാക്കുന്നു. (am& Pm) സമയ വുമായി ബന്ധപ്പെട്ട പ്രയോഗിക പ്രശ്ന പരിഹാരത്തിന് ഉപയോഗപ്പെടുത്തുന്നു | ഒക്ടോബർ |